ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/02/2016*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**




- For scientific Ayurvedic treatments with a traditional touch
- SNEHA SWEDA KARMAS & PANCHAKARMA treatments are also done.
- Specialised in SIDHA medicine

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*



॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 3 ലക്കം 8

വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 മാഘം – ഫാൽഗുനം
1191 മകരം – കുംഭം 2016 ഫിബ്രവരി

വാർഷിക വരിസംഖ്യ: ₹ 60 /- ദീർഘകാലം: ₹1000/-



## മഹർഷി ദയാനന്ദ സരസ്വതി (1825 – 1883)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ഫെബ്രുവരി 2 | : | സ്വാമി ശ്രദ്ധാനന്ദ് ജയന്തി |
| ഫെബ്രുവരി 12 | : | മഹർഷി ദയാനന്ദ് ജയന്തി |
| ഫെബ്രുവരി 13 | : | സരോജനി നായിഡു ജയന്തി |
| ഫെബ്രുവരി 19 | : | ഗുരുജി ഗോൾവൽക്കർ ജയന്തി |
| ഫെബ്രുവരി 26 | : | വീർസാവർക്കർ ജയന്തി |
| ഫെബ്രുവരി 27 | : | ചന്ദ്രശേഖർ ആസാദ് രക്തസാക്ഷി ദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



### *മണ്ഡലം 1 സൂക്തം 5*

*മധുച്ഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ നിചൃദ് ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ*

സുതപാവ്നേ സുതാ ഇമേ ശുച്ചയോ യന്തി വീതയേ ।

സോമാസോ ദദ്ധ്യാശിരഃ ॥

*(ഋഗ്വേദം 1.5.5)*

**പദാർത്ഥം:** പരമേശ്വരനാലും വായു സൂര്യൻമാരാലും ഏതൊരു കാരണത്താൽ (സുതപാവ്നേ) തങ്ങളാൽ ഉത്പ്പാദിപ്പിക്കപ്പെട്ട പദാർത്ഥങ്ങളുടെ രക്ഷ ചെയ്യുന്നതിനും ജീവന്റേയും അങ്ങിനെ (വീതയേ) ജ്ഞാനത്തിനും ഭോഗത്തിനും (ദദ്ധ്യാശിരഃ) ധാരണം ചെയ്യാനുതകുന്ന ഉൽപ്പന്നങ്ങളാകുന്നുവോ അങ്ങിനെ (ശുചയഃ) പവിത്രൻമാരായ (സോമാസഃ) ആരിലാണോ നല്ല പെരുമാറ്റമുള്ളത്, അത്തരം പദാർത്ഥങ്ങൾ ആരാണോ ഉത്പ്പാദിപ്പിച്ച് പവിത്രമാക്കി വെക്കുന്നത്, അതിലൂടെ എല്ലാ പ്രാണികളും അദ്ദേഹത്തെ പ്രാപിക്കുന്നു.

**ഭാവാർത്ഥം:** ഈ മന്ത്രത്തിൽ ശ്ലേഷാലങ്കാരമാണ്. ഈശ്വരൻ കൃപ ചൊരിഞ്ഞ് എല്ലാ ജീവാത്മാക്കൾക്കും അവരുടെ കർമ്മാനുസാരം യഥായോഗ്യം ഫലം നൽകുന്നതിനായി എല്ലാ കാര്യരൂപജഗത്തിന്റേയും രചന നടത്തിപവിത്രീകരിച്ചിരിക്കുന്നു. പവിത്രീകരിക്കുന്നതിനും പവിത്രീകരിപ്പിക്കുന്നതിനുമായി സൂര്യനേയും പവനനേയും രചിച്ചിരിക്കുന്നു. അക്കാരണത്താൽ എല്ലാ ജഡപദാർത്ഥങ്ങളും ജീവികളും പവിത്രീകരിക്കപ്പെടുന്നു. എന്നാൽ ഏതൊരു മനുഷ്യനാണൊ പവിത്രഗുണകർമ്മങ്ങളെ ഗ്രഹിച്ച് പുരുഷാർത്ഥിയായി തീർന്ന് സാംസാരിക പദാർത്ഥങ്ങളെ യഥാവിധി ഉപയോഗിക്കുകയും അങ്ങനെ സർവ്വജീവികൾക്കും അവയെ ഉപയോഗപ്രദമാക്കുകയും ചെയ്യുന്നത് ആ മനുഷ്യൻ പവിത്രനും സുഖമുള്ളവനുമായി തീരുന്നു.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ.എം. രാജൻ)*

## ദയാനന്ദ സന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദ സന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം:

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504.**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 3 ലക്കം 8

വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 മാഘം – ഫാൽഗുനം
1191 മകരം – കുംഭം 2016 ഫിബ്രവരി



**രക്ഷാധികാരി**
സ്വാമി പ്രണവാനന്ദ സരസ്വതി
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ശത്രുവോ? മിത്രമോ? | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 8 |
| സ്വസ്ഥ വൃത്തം | : | 10 |
| ആര്യോദ്ദേശ്യ രത്നമാല | : | 11 |
| സംശയനിവാരിണി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 13 |
| വേദാന്തി ധ്വാന്തി നിവാരണം | : | 14 |
| വേദപ്രകാശം പാഠാവലി | : | 15 |


**വിലാസം**


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/vellinezhi**


## മുഖവാണി

### ഫെബ്രുവരി 12 : മഹർഷി ദയാനന്ദ ജന്മദിനം



**ദേ**ശീയ സ്വാതന്ത്ര്യ പ്രക്ഷോഭങ്ങളുടെ മൂല സ്രോതസ്സും നവോത്ഥാന നായകനും വേദ പ്രചാരകനുമായിരുന്ന മഹർഷി ദയാനന്ദന്റെ ജന്മദിനമാണ് ഫെബ്രുവരി 12. ഗുജറാത്തിലെ മോർവി ജില്ലയിലുള്ള ടംകാര എന്ന ഗ്രാമത്തിൽ 1825 ഫെബ്രുവരി 12 നാണ് മൂൽശങ്കറിന്റെ (മഹർഷിയുടെ പൂർവ്വനാമം) ജനനം. 13 വയസ്സ് മാത്രമുള്ളപ്പോൾ 1837 ലെ ശിവരാത്രി ദിനത്തിൽ നടന്ന ഒരവിസ്മരണീയ സംഭവം മൂൽശങ്കറിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായി. യഥാർത്ഥ ശിവനെ അന്വേഷിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ യാത്ര അഗാധപണ്ഡിതനും പ്രജ്ഞാചക്ഷുവുമായ ഗുരു വിരജാനന്ദന്റെ അടുത്തെത്തിച്ചു. ഗുരു വിരജാനന്ദന്റെ ശിക്ഷണം മൂൽശങ്കറെ ഊതിക്കാച്ചിയ പൊന്നാക്കിമാറ്റി. പിന്നീട് മഹർഷി ദയാനന്ദസരസ്വതിയായി തീർന്ന അദ്ദേഹം ഭാരതത്തിലെ അനാചാര

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ങ്ങളും അവിദ്യയും വിദേശാടിമത്ത്വവും കൂടിച്ചേർന്ന കൂരിരുട്ടിനെ തുടച്ചുമാറ്റാൻ കെൽപ്പുള്ള സൂര്യതേജസ്സായി. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉച്ഛസ്ഥായിയിലായിരുന്ന 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിൽ 'വേദങ്ങളിലേക്ക് മടങ്ങുക' എന്ന ആഹ്വാനവുമായി അദ്ദേഹം ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നു.

മഹർഷിയുടെ ജീവിതം വേദപ്രചാരണത്തിനും രാഷ്ട്രനവോത്ഥാനത്തിനും വേണ്ടി സമർപ്പിക്കപ്പെട്ടതായിരുന്നു. സാമൂഹ്യ ദുരാചാരങ്ങളായ ശൈശവ വിവാഹം, ബാലവിധവകളുടെ ദയനീയ അവസ്ഥ എന്നിവയ്ക്ക് അറുതിയുണ്ടാക്കാൻ അദ്ദേഹം വേദമന്ത്രങ്ങളുടെ പ്രമാണം ഉദ്ധരിച്ച് പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിൽ സ്വാമിജിയുടെ സ്വാധീനം വളരെ പ്രകടമായിരുന്നു. ആര്യന്മാർ വിദേശത്ത് നിന്ന് വന്നവരല്ല എന്നും അവർ ഈ രാഷ്ട്രത്തിലെ മൂലനിവാസികളാണെന്നും ആദ്യമായി പ്രഖ്യാപിച്ചത് അദ്ദേഹത്തിന്റെ അമരഗ്രന്ഥമായ സത്യാർത്ഥപ്രകാശത്തിലാണ്. ഹിന്ദുമതത്തിലെ അനാചാരങ്ങളെയും സെമിറ്റിക്ക് മതങ്ങളുടെ പൊള്ളത്തരങ്ങളേയും യുക്തിയുടേയും വേദപ്രമാണങ്ങളുടേയും വെളിച്ചത്തിൽ സത്യാർത്ഥപ്രകാശത്തിൽ അദ്ദേഹം തുറന്നെഴുതി.

താരതമ്യേന ആധുനികരായ സായണൻ, ഉവ്വടൻ തുടങ്ങിയ ഭാരതീയ വേദഭാഷ്യകാരന്മാരുടേയും വിൽസൻ തുടങ്ങിയ വിദേശ വേദഭാഷ്യകാരന്മാരുടേയും വസ്തുതാപരമായ വ്യാഖ്യാനപിഴവുകൾ നിരുക്തത്തിന്റെയും വ്യാകരണ ശാസ്ത്രത്തിന്റേയും വേദങ്ങളുടേയും പ്രമാണം എടുത്ത് കാണിച്ച് അദ്ദേഹം തന്റെ 'ഋഗ്വേദാദി ഭാഷ്യ ഭൂമിക'യിലും വേദഭാഷ്യങ്ങളിലും വിസ്തരിച്ച് വിവരിച്ചിട്ടുണ്ട്. അപൗരുഷേയമായ വേദങ്ങൾ കാലാതിവർത്തിയും യാതൊരുവിധ കൂട്ടിച്ചേർക്കലുകളും നടത്താൻ സാധ്യമല്ലാത്തതുമാണെന്ന് അദ്ദേഹം തറപ്പിച്ചുപറഞ്ഞു. സായണാദികളുടെ വേദഭാഷ്യങ്ങളിലെ കുറവുകൾ എടുത്തുകാണിച്ചാണ് പാശ്ചാത്യരും നാസ്തികന്മാരും വേദങ്ങൾ കന്നുകാലികളെ മേച്ചുനടന്നിരുന്നവരുടെ പാട്ടാണെന്നും ആര്യ-ദ്രാവിഡന്മാരുടെ യുദ്ധചരിത്രമാണെന്നുമൊക്കെ എഴുതിപിടിപ്പിച്ചത്. പക്ഷെ മഹർഷി ദയാനന്ദന്റെ വേദഭാഷ്യം പുറത്ത് വന്നപ്പോൾ മാർക്സ്മുള്ളവർക്കുപോലും തന്റെ മുൻവിധികൾ മാറ്റേണ്ടി വന്നു എന്ന് അദ്ദേഹം തുറന്നെഴുതിയിട്ടുണ്ട്.

മഹർഷിയുടെ ജന്മദിനം ആഘോഷിക്കുന്ന ഈ വേളയിൽ 'വേദങ്ങളിലേക്ക് മടങ്ങുക' എന്ന മുദ്രാവാക്യത്തിന് മുൻകാലങ്ങളേക്കാൾ ഏറെ പ്രസക്തി ഇന്നുണ്ട് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ അവസരം നമുക്കതിന് പ്രേരണ നൽകട്ടെ.

**പത്രാധിപർ**

*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3. 6. 2. 1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

## അഥ വേദോൽപത്തി വിഷയഃ

മറ്റൊരു തെളിവ് എന്തെന്നാൽ മനസ്സിന് മുഖം തുടങ്ങിയ അവയവങ്ങളില്ല. എന്നിരുന്നാലും മനസ്സിനുള്ളിലും പ്രശ്നോത്തരം പോലുള്ള മനോവിചാരങ്ങൾ ഉണ്ടാവുന്നു. പരമേശ്വരനും അങ്ങിനെ തന്നെ ചെയ്യുന്നുവെന്ന് അറിയണം. പൂർണ്ണസാമർത്ഥ്യത്തോടുകൂടിയ ഒരാൾക്ക് തന്റെ കാര്യങ്ങൾ ചെയ്യുന്നതിന് മറ്റാരുടേയും സഹായമാവശ്യമില്ല. സ്വന്തം കഴിവുപയോഗിച്ച് അദ്ദേഹം സർവ്വകാര്യങ്ങളും ചെയ്യുന്നു. നമുക്ക് അന്യസഹായമില്ലാതെ കാര്യങ്ങൾ ചെയ്യാനാവില്ല. എന്നാൽ പരമേശ്വരൻ അങ്ങിനേയല്ല. ജഗത്ത് ഉണ്ടാവുന്നതിന് മുമ്പ് നിരാകാരനായ ഈശ്വരൻ സമ്പൂർണ്ണ ജഗത്തിനേയും സൃഷ്ടിച്ചു. അപ്പോൾ വേദരചനയേക്കുറിച്ച് എന്തിന് ശങ്കിക്കണം? വേദങ്ങളിൽ അത്യന്തസൂക്ഷ്മമായവിദ്യകളെ ഈശ്വരൻ രചിച്ചതുപോലെ ജഗത്തിലും നേത്രം തുടങ്ങിയ പദാർത്ഥങ്ങളുടെ അത്യന്ത സൂക്ഷ്മ വിദ്യാരചനകളും ഈശ്വരൻ ചെയ്തിട്ടുണ്ട്. അങ്ങിനെയിരിക്കെ നിരാകാരനായ ഈശ്വരന് വേദരചന അസാദ്ധ്യമാവുന്നതെങ്ങിനെ ?

നനുജഗദ്രചനേ തു ഖലീശ്വരമന്തരേണ ന കസ്യാപി സാമർത്ഥ്യമസ്തി വേദരചനേ ത്വന്യസ്യാന്യഗ്രന്ഥരചനവത് സാമർത്ഥ്യം സ്യാദിതി ?

അത്രോച്യതേ - ഈശ്വരേണ രചിതസ്യ വേദസ്യാദ്ധ്യയനാനന്തരമേവ ഗ്രന്ഥരചനേ കസ്യാപി സാമർത്ഥ്യം സ്യാന്ന ചാന്യഥാ | നൈവ കിശ്ചിദപി പഠനശ്രവണമന്തരാവിദ്വാൻ ഭവതി | യഥേദാനിം കിഞ്ചദപി ശാസ്ത്രം പഠിത്വോപദേശം ശ്രുത്വാ വ്യവഹാരം ച ദൃഷ്ട്വൈവ മനുഷ്യാണാം ജ്ഞാനം ഭവതി | തദ്യഥാ - കസ്യ - ചിൽസന്താനമേകാന്തേരക്ഷയിത്വാന്നപാനാദികം യുക്ത്യാ ദദ്യാത്തേന സഹഭാഷണാദിവ്യവഹാരം ലേശമാത്രമപി ന കുര്യാദ്യാവത്തസ്യ മരണം ന സ്യാത് | യഥാ തസ്യ കിഞ്ചിദപി യഥാർത്ഥം ജ്ഞാനം ന ഭവതി| യഥാ ച മഹാരണ്യസ്ഥാനാം മനുഷ്യാണാമുപദേശമന്തരാ പശുവൽപ്രവൃത്തിർഭവതി | തഥൈവാദിസൃഷ്ടിമാരഭ്യാദ്യപര്യന്തം വേദോപദേശമന്തരാ സർവ്വമനുഷ്യാണാം പ്രവൃത്തിർ ഭവേത്| പുനർഗ്രന്ഥരചനസ്യ തു കാ കഥാ?

ഭാഷാർത്ഥം:- ജഗത്സൃഷ്ടി ഈശ്വരനല്ലാതെ മറ്റു ജീവികൾക്കാർക്കും ചെയ്യാനാവില്ലെങ്കിലും വ്യാകരണാദി ശാസ്ത്രങ്ങൾ രചിക്കുന്നതിന് മനുഷ്യന് കഴിവുണ്ട്. അതുപോലെ വേദങ്ങളും മനുഷ്യർക്ക് നിർമ്മിക്കാവുന്നതല്ലേ ?

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

(മുൻ ലക്കത്തിന്റെ തുടർച്ച)

# ശത്രുവോ? മിത്രമോ?

ഋഷ്യശൃംഗൻ

## ലൈംഗിക അരാജകത്വം

**ഭാ**ര്യാ-ഭർത്താക്കൻമാർ തമ്മിലല്ലാതെയുള്ള മറ്റൊരു വ്യക്തിയുമായി അവിഹിത ബന്ധത്തിലേർപ്പെടുന്നതിനെ എല്ലാ സമൂഹവും കുറ്റകരമായി കാണുന്നു. മനുഷ്യർ ഇതിലകപ്പെട്ടുപോവുന്നുവെന്നത് ഒരു യഥാർത്ഥ്യമാണ്. എല്ലാ ധർമ്മഗ്രന്ഥങ്ങളും സാമൂഹ്യ ആചാരസംഹിതകളും ഇത്തരം പെരുമാറ്റത്തെ സദാചാരവിരുദ്ധമായി കാണുന്നു.

മഹാഭാരതം അനുശാസന പർവ്വത്തിൽ പറയുന്നു. "സ്വന്തം പത്നിയുമായല്ലാതെ ഒരാൾ ലൈംഗികബന്ധത്തിലേർപ്പെടരുത്. അങ്ങിനെ ചെയ്താൽ അത് ആയുർദൈർഘ്യം കുറക്കുകയും ആരോഗ്യജീവിതത്തെ ബാധിക്കുകയും ചെയ്യും. മാത്രമല്ല അത്തരം മനുഷ്യർ അടുത്ത ജന്മത്തിൽ പട്ടി, കുറുക്കൻ, പന്നി തുടങ്ങിയ ജീവികളായി തീരും. സഹോദര ഭാര്യയുമായും മരുമകളുമായും ലൈംഗികബന്ധത്തിലേർപ്പെടുന്നത് പാപമായി കണക്കാക്കുന്നു. ഗുരു പത്നിയുമായി സംഭോഗത്തിലേർപ്പെടുന്നവൻ പന്നിയായി ജനിക്കും." മഹാഭാരതം തുടർന്നുപറയുന്നു. "ബലാത്ക്കാരത്തേക്കുറിച്ച് ചിന്തിക്കുക കൂടി ചെയ്യാത്തവർ യഥാർത്ഥ ശുദ്ധതയും പവിത്രതയും കീർത്തിയുമാർന്ന ജീവിതം നയിക്കും. അവരാണ് യഥാർത്ഥ പുണ്യപുരുഷൻമാർ. പരസ്ത്രീകളെ സഹോദരിയായും മകളായും അമ്മയായും കരുതി പെരുമാറുന്നവർ സ്വർഗ്ഗസുഖം നേടും". സാമ്പത്തിക ശാസ്ത്രത്തേക്കുറിച്ച് വിശ്വപ്രസിദ്ധമായ ഗ്രന്ഥം രചിച്ച ചാണക്യൻ തന്റെ സദാചാരമൂല്യങ്ങളെകുറിച്ചുള്ള പുസ്തകത്തിൽ പറയുന്നു. "ഒരാൾ വിഷയലമ്പടനോ കാമാതുരനോ ആയിരിക്കരുത്".

വൈദിക ധർമ്മമനുസരിച്ച് ഒരാളുടെ ജീവിതകാലത്തെ നാലായി ഭാഗിച്ചിരിക്കുന്നു. ആദ്യഭാഗത്തെ ബ്രഹ്മചര്യമെന്നുപറയും. വിദ്യാദ്ധ്യയന കാലമാണിത്. ഈ കാലത്ത് വിദ്യാർത്ഥികൾ വിവാഹത്തേകുറിച്ചോ കുടുംബകാര്യങ്ങളേ കുറിച്ചോ ചിന്തിക്കരുത്. രണ്ടാമത്തെ ഘട്ടത്തിൽ വിദ്യാഭ്യാസാനന്തരം ആൺകുട്ടികളും പെൺകുട്ടികളും വിവാഹബന്ധത്തിലേർപ്പെട്ട് മാതാപിതാക്കളെ പരിചരിക്കുകയും കുട്ടികളെ വളർത്തി വിദ്യാഭ്യാസം ചെയ്യിക്കുകയും മുതിർന്നവരെ ശുശ്രൂഷിക്കുകയും വേണം. ഈ ഘട്ടത്തെ ഗാർഹസ്ഥ്യം എന്നു പറയും. തുടർന്നു വരുന്നത് വാനപ്രസ്ഥമാണ്. കുടുംബകാര്യങ്ങൾ മക്കളെ ഏൽപ്പിച്ച് ആത്മീയന്വേഷണത്തിനും സമാജപ്രവർത്തനത്തിനുമായി ജീവിതം മാറ്റിവക്കലാണിത്. അവസാനമായി ഐഹിക ജീവിതത്തിൽ നിന്ന് വിരക്തി നേടി സന്യാസാശ്രമം സ്വീകരിക്കലാണ്.

(തുടരും)

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*





(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*




**ഇ**നി ചിലർ വീണ്ടും പൂർവ്വപക്ഷമുന്നയിക്കാം. മനുഷ്യർ പാപം ചെയ്തതു മൂലം പശുയോനിയിൽ ജനിക്കുന്നു എന്നംഗീകരിച്ചാൽ മൃഗമായതിനാൽ താൻ പാപം ചെയ്തതിന്റെ ഫലമായാണ് ഈ ജന്മം തനിക്ക് ലഭിച്ചത് എന്ന് ആ മൃഗത്തിന് ജ്ഞാനമുണ്ടാവുന്നില്ല. ഇത് എന്തുകൊണ്ട് സംഭവിക്കുന്നു ?

ഇതിനുത്തരമിതാണ്. ഈ ജന്മത്തിലും ഇത്തരം സംഭവങ്ങൾ കാണുന്നുണ്ട്. ദുഃഖമനുഭവിക്കുമ്പോൾ ദുഃഖകാരണം ഒരിക്കലും അറിയുന്നില്ല. ഒരാൾ ആവശ്യത്തിലും അധികം ഭക്ഷണം കഴിച്ച് രോഗിയായിതീരുന്നു. അയാൾ രോഗിയായി ദുരിതമനുഭവിക്കുമ്പോഴും തന്റെ രോഗത്തിനുള്ള കാരണമെന്തായിരുന്നുവെന്ന് അവൻ പലപ്പോഴും അറിയുന്നതായിതോന്നുന്നില്ല. അതിനാൽ ഈ ലോകത്ത് ഇത്തരത്തിലുള്ള സംഭവവികാസങ്ങൾ അന്യത്രകണ്ടുവരുന്നു.

ഈ ലോകത്തിൽ കണ്ടുവരുന്ന സുഖദുഃഖഭേദങ്ങൾക്ക് എന്തെങ്കിലും കാരണമുണ്ടാവുമെന്നത് നിശ്ചയമാണ്. കാരണമില്ലാതെ കാര്യമുണ്ടാവില്ലല്ലോ. ഈ സുഖദുഃഖങ്ങളുടെ വ്യത്യാസത്തിന് കാരണം പൂർവ്വജന്മത്തിലെ കർമ്മങ്ങളാണ്. ശേഷവത് അനുമാനത്താൽ സുഖദുഃഖാദിഭേദങ്ങളുടെ വ്യവസ്ഥ നന്നായറിയാൻ കഴിയും. ഇനി കർമ്മങ്ങളുടെ വിഷയത്തേകുറിച്ചുപറയുകയാണെങ്കിൽ അതു വിചിത്രമാണ്. നാനാപ്രകാരത്തിലുള്ള ആത്മാക്കൾക്ക് ലഭിക്കുന്ന സംസ്കാരങ്ങൾക്കനുരൂപമായി വിവിധതരത്തിലുള്ള മാനസകർമ്മങ്ങൾ രൂപപ്പെടുന്നു. ഈശരീയവ്യവസ്ഥയനുസരിച്ച് ഈ കർമ്മങ്ങളുടെ ഫലമായി പാപ-പുണ്യങ്ങൾ ഉത്പന്നമാവുന്നു. അതിനാൽ പാപ-പുണ്യഫലങ്ങൾ അനുഭവിക്കാതിരിക്കാൻ ഒരു വഴിയുമില്ല. പാപ-പുണ്യഫലങ്ങൾ അനുഭവിച്ചേപറ്റൂ. ഇതിൽ നിന്ന് രക്ഷപ്പെടാനാവില്ലതന്നെ.

ഈശ്വരഭക്തി, പ്രാർത്ഥന എന്നിവയാൽ ഈശ്വരന് ദയവുണ്ടാവുകയും പാപങ്ങൾക്ക് ശിക്ഷ നൽകില്ലാ എന്നാരെങ്കിലും വാദിച്ചാൽ അതിനുള്ള ഉത്തരം സരളമാണ്. ഈശ്വരന്റെ ഭക്തി, പ്രാർത്ഥനകളാൽ ചെയ്തുപോയ പാപങ്ങൾക്ക് ശിക്ഷയിളവ് ലഭിക്കില്ല. എന്നാൽ ഭാവിയിൽ ചെയ്യാനിടയുള്ള പാപകർമ്മങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ പ്രേരിപ്പിച്ചേക്കുമിത്. അതല്ലെങ്കിൽ പാപകർമ്മങ്ങൾ ചെയ്യാനുള്ള ഭീതി ആർക്കുമുണ്ടാവില്ല.

ഇതോടനുബന്ധിച്ച് മറ്റൊരുകാര്യവും കൂടി പറയേണ്ടതുണ്ട്. ഈശ്വരൻ സർവ്വജ്ഞനായതിനാൽ നമ്മുടെ മനസ്സിലെ കാര്യങ്ങൾ അപ്പോഴപ്പോൾ അറിയാൻ കഴിയില്ലെ എന്ന് ചിലർ സംശയിക്കാനിടയുണ്ട്. അതായത് പതിവ്രതയുടെ ഭക്തിയും വേശ്യയുടെ സദൃശമായ ഭക്തിയും ആർക്കാണുള്ളത് എന്നദ്ദേഹത്തിനറിയാമല്ലോ എന്ന്. സാധാരണമനുഷ്യർക്ക് തന്നെ മറ്റുള്ളവരുടെ മനോവിചാരം പലപ്പോഴും അറിയാൻ കഴിയും.

**(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരുലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## *അദ്ധ്യായം 3*



**പാ**ച്ചനുറക്കം വരുന്നില്ല. യാത്രാചിന്ത അയാളെ അലട്ടികൊണ്ടിരുന്നു. ആദ്യമായി മറുനാട്ടിൽ, അതും ഭാഷ അറിയാത്ത ദിക്കിൽ ചെന്നുപെട്ടാൽ ഉണ്ടാകുന്ന വിഷമതകളെ പറ്റി ചിന്തിച്ചു ചിന്തിച്ചു ഭ്രാന്തചിത്തനാകുമ്പോൾ സമാധാനിപ്പിക്കാൻ രണ്ടേ രണ്ടു താങ്ങേ ഉണ്ടായിരുന്നുള്ളു. ഒന്ന് രഘുവിന്റെ അഡ്രസ്സും മറ്റേത് എട്ടുപത്തുവയസ്സിൽ നാടുവിട്ടുപോയ, സ്വന്തം നാട്ടുകാരനായിട്ടും നേരിട്ടറിയാത്തവനും നാട്ടിൽ അനേകവർഷങ്ങൾക്കു ശേഷം ആദ്യമായെത്തിയപ്പോൾ മറ്റുള്ളവർ മുഖേന പരിചയപ്പെട്ട് അറിയാൻ കഴിഞ്ഞവനുമായ ഒരു കുമാരൻ കുട്ടിയുടെ അഡ്രസ്സുമാണ്. ആലോചനാ മരുപ്പറമ്പിൽ നടന്ന് നടന്ന് ക്ഷീണിതനായപ്പോൾ പാച്ചനറിയാതെയങ്ങുമയങ്ങിപ്പോയി.

പാച്ചൻ പ്രഭാതത്തിലെഴുന്നേറ്റ് പ്രാഥമികാവശ്യങ്ങളെല്ലാം തീർത്ത് കുളിച്ച് ഗായത്രീ ജപ-പ്രാണായാമ-ധ്യാനാദി അത്യാവശ്യമായ ദേവകാര്യങ്ങൾ പൂർത്തിയാക്കിവന്നപ്പോഴേയ്ക്കും വാരിയർ സ്വീകരിക്കാനായി തയ്യാറായി നിൽപ്പുണ്ടവിടെ. വാരസ്യാർ ചായയും ദോശയും ചട്ടിണിയും മറ്റും കൊണ്ടുവന്ന് ഊൺ മേശമേൽ നിരത്തി. രണ്ടുപ്ലേറ്റുകൾ മേശപ്പുറത്ത് വെച്ച് വിഭവങ്ങൾ വിളമ്പി. രണ്ടു ഗ്ലാസ്സുകളിൽ ചുടുചായയൊഴിച്ച് സേവനതൽപ്പരയും വിനീതയുമായി പുഞ്ചിരിച്ചുകൊണ്ട് ചുമരും ചാരി ഒതുങ്ങി നിന്നു.

"എന്താ, പരിഭ്രമം പോലെ. സാവധാനം കഴിച്ചാൽ മതി. പരിഭ്രമിയ്ക്കാനൊന്നൂല്ല്യ.... അവിടെ ചെന്നാൽ രഘുവുണ്ടല്ലോ. സമാധാനത്തോടെ പോയ്ക്കോളൂ." വാരിയർ സമാശ്വസിപ്പിച്ചു. ചായയും പലഹാരവും കഴിച്ച് കൈ കഴുകി അനിശ്ചിതമായ ഭാവിയുടെ ചൂടുകാറ്റ് ശ്വസിച്ചുകൊണ്ട് പാച്ചൻ ഷർട്ടെടുത്തിട്ടു. ആത്മാർത്ഥമായ സ്നേഹമൊഴുന്ന ദൃഷ്ടിയോടെ യാത്രയാക്കാൻ നിൽക്കുന്ന വാരിയർ ദമ്പതികളെ അൽപ്പനേരം മാറി മാറി നോക്കി. കൺകളിൽ നിന്ന് നീർകണം പതിയ്ക്കുന്നത് കാണാതിരിയ്ക്കാൻ അയാൾതലതാഴ്ത്തിയപ്പോൾ രണ്ടുതുള്ളി നിലം പതിച്ചതയാൾ അറിഞ്ഞില്ല. പാച്ചൻ ടവലെടുത്ത് തുടച്ച് സംയമം പാലിച്ച് തലപൊക്കി നോക്കി. ആ അനുകമ്പാലുക്കളായ ദമ്പതിമാരുടെ കപോലങ്ങളിൽ ഒഴുകിയിറങ്ങിയ കണ്ണീരുകണ്ട് പാച്ചൻ വികാരതരളിതനായി. ആ നിലയ്ക്കുതന്നെ മൂവരും ബന്ധരായി അന്യോന്യം നോക്കി നിന്നു പോയി. അവസാനം എല്ലാം ഉള്ളിലൊതുക്കിപ്പിടിച്ച് പാച്ചൻ പതുങ്ങിയ വിറയാർന്ന ശബ്ദത്തിൽ കൈകൂപ്പി പറഞ്ഞു. 'എന്നാൽ ...ഇനി...യാത്ര...' പാച്ചന്റെ തൊണ്ടവരണ്ടിരുന്നു. അയാളൊന്നുമുരണ്ട് തൊണ്ട ശരിപ്പെടുത്തി മുറ്റത്തേക്കിറങ്ങി. വാര്യരും വാരസ്യാരും യാത്രയാക്കാൻ പാച്ചനെ ഗെയ്റ്റ് വരെ അനുഗമിച്ചു.

"ശുദ്ധാത്മാക്കളെ ദൈവം കൈവിടില്ല്യ, ധൈര്യമായി പോ-—" വാരയിരുടെ തൊണ്ടയിടറി ബാക്കി ശബ്ദം പുറത്തുവന്നില്ല. അദ്ദേഹം കൈകൂപ്പി താമരമൊട്ടുകളർപ്പിച്ച് കണ്ണീരൊഴുക്കി.

പാച്ചൻ വാരിയർ ദമ്പതികളുടെ ആശംസകൾ മടിക്കുത്തിൽ തിരുകികെട്ടി ഈശ്വരനേയും നിലംതൊട്ട് ഭൂമിദേവിയേയും വന്ദിച്ച് മുന്നോട്ട് നടന്നു. സൂര്യകിരണങ്ങളാശ്ലേഷിച്ച് പുളകം കൊണ്ടുലയുന്ന പ്രകൃതി മാതാവ് "വേണ്ട മോനേ! പേടിയ്ക്കേണ്ട, നിർഭയം നടന്നോളൂ. ചേതനാപ്രദായകനായ പരമേശ്വര രഥത്തിൽ തത്സഖിയായ ഞാൻ നിന്നോടൊപ്പം നിഴലെന്നോണം സഞ്ചരിക്കുന്നുണ്ട്. സംശയം വേണ്ടാ, എന്നു സമാശ്വസിപ്പിച്ചു."

*(തുടരും)*

---

(മുൻലക്കത്തിന്റെ തുടർച്ച)

# ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

### സ്മൃതി ഗ്രന്ഥങ്ങൾ

80 ഓളം സ്മൃതി ഗ്രന്ഥങ്ങളുണ്ട്. മാനവധർമ്മശാസ്ത്രമായ മനുസ്മൃതി ഇവയിൽ ഏറ്റവും പ്രസിദ്ധമാണ്. കേവലം വേദാനുകൂലമായ സ്മൃതിഗ്രന്ഥങ്ങൾ മാത്രമാണ് പ്രമാണമായി എടുക്കുന്നത്. മറ്റുള്ളവയെ അംഗീകരിക്കുന്നില്ല.

### സൂത്ര ഗ്രന്ഥങ്ങൾ

**ഗൃഹ്യസൂത്രങ്ങൾ**: 1. ഗോഭില ഗൃഹ്യസൂത്രം, 2. പാരസ്കര ഗൃഹ്യസൂത്രം, 3. ആശ്വാലായന ഗൃഹ്യസൂത്രം എന്നിവ പ്രധാനം.

### ആര്യഭാഷാ ഭാഷ്യ ഗ്രന്ഥങ്ങൾ

മഹർഷി ദയാനന്ദന്റെ ഗ്രന്ഥങ്ങളായ സത്യാർത്ഥ പ്രകാശം, ഋഗ്വേദാദി ഭാഷ്യഭൂമിക എന്നിവ.

### പഞ്ച മഹായജ്ഞങ്ങൾ

ആര്യന്മാരെല്ലാം പ്രതിദിനം ചെയ്യേണ്ടുന്ന പഞ്ചമഹായജ്ഞങ്ങൾ ഇവയാണ്.

1. **ബ്രഹ്മയജ്ഞം** അഥവാ ഈശ്വരപൂജ, സന്ധ്യാവന്ദനം, വേദപാഠം എന്നിവ
2. **ദേവയജ്ഞം** അഥവാ അഗ്നിഹോത്രം
3. **ഭൂതയജ്ഞം** - അതായത് നമ്മെ ആശ്രയിച്ചു കഴിയുന്ന പശു, നായ തുടങ്ങിയ മൃഗങ്ങൾക്ക് ഭക്ഷണം നൽകുക.
4. **പിതൃയജ്ഞം** - ജീവിച്ചിരിക്കുന്ന മാതാപിതാക്കളെ ശുശ്രൂക്ഷിക്കുക. മരിച്ചുപോയ മാതാപിതാക്കളെ സൽക്കരിക്കുക അസംഭവമാണ്. അതിനാൽ മരിച്ചുപോയവർക്ക് ശ്രാദ്ധം, തർപ്പണം ഇത്യാദി ചെയ്യേണ്ടതില്ല.
5. **അതിഥി യജ്ഞം** - ആപ്തന്മാരായ വ്യക്തികളെയും സന്യാസിമാരേയും ആദരിച്ച് സൽക്കരിക്കുക.

(തുടരും)

---

*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*



## സ്വസ്ഥ വൃത്തം

ഡോ.(പ്രൊ.) ശശികുമാർ നെച്ചിയിൽ, എം. ഡി (ആയു.)

### അതിരാവിലെ എന്തിനുണരണം?

**"ബ്രാഹ്മേ മുഹൂർത്ത ഉത്തിഷ്ഠേത് സ്വസ്ഥോ രക്ഷാർത്ഥമായുഷഃ" (അഷ്ടാംഗ ഹൃദയം സൂത്രസ്ഥാനം രണ്ടാം അദ്ധ്യായം)**

നമ്മുടെ ജീവീതത്തിൽ നിന്നും അടർന്നുപോയികൊണ്ടിരിക്കുന്ന ഒരു ശീലമാണ് രാവിലെ നേരത്തെ ഉണരുകയെന്നത്.രാവിലെ നേരത്തെ ഉണരണമെങ്കിൽ രാത്രി നേരത്തെ ഉറങ്ങിയേ മതിയാകൂ.പഠനത്തിൽ മുഴുകിയിരിക്കുന്നവർക്കു എട്ടു മണിക്കൂറും മറ്റുള്ളവർക്കു ആറു മണിക്കൂറും ഉറക്കം ആവശ്യമാണ്. ഇന്നത്തെ സാഹചര്യമനുസരിച്ചു ഈ ക്രമമെല്ലാം മാറിമറിഞ്ഞിരിക്കുന്നു.

നാം ക്രമേണ രാത്രി ജീവിക്കുന്നവരും പകൽ ഉറങ്ങിക്കൊണ്ടിരിക്കുന്നവരും ആയിക്കൊണ്ടിരിക്കുന്നു. സത്യത്തിൽ രാത്രി ഇര തേടുന്ന പൂച്ച, നരി, സിംഹം മുതലായ മൃഗങ്ങൾക്കു ചേർന്ന രീതിയാണിത്. ഈ രീതി അവലംബിക്കുമ്പോൾ നമുക്ക് അവയുടെ സ്വഭാവം കൈവരുന്നത് സ്വാഭാവികം മാത്രം.

രാവിലെ ഉണരേണ്ട സമയത്തിന് ബ്രാഹ്മ മുഹൂർത്തമെന്നു പറയുന്നു. ബ്രാഹ്മ മുഹൂർത്തത്തിന്റെ പ്രത്യേകതയായി പറയുന്നത്, അത് ശരിയായ അറിവിനെ നൽകുന്നു എന്നതാണ്. "പ്രബോധം വിധത്തേ ബ്രാഹ്മമുഹൂർത്തം ഇതി " അപ്പോൾ കുട്ടികൾ പഠനത്തിനായും മുതിർന്നവർ കാര്യ വിചിത്തനത്തിനും തിരഞ്ഞെടുക്കേണ്ട സമയമാണത്.

സമയമെന്നത് സൂര്യന്റെ ചലനത്തെ കുറിയ്ക്കുന്നതാണ്. സൂര്യനുമായി ഭൂമിയിലെ സർവ്വ ചരാചരങ്ങൾക്കും നേരിട്ടുള്ള ബന്ധം പുനഃ സൃഷ്ടിക്കുന്നത് ബ്രാഹ്മ മുഹൂർത്തത്തിൽ വെച്ചാണ്. രാത്രിയുടെ അവസാനത്തെ 2 നാഴികയെയാണ് ഈ സമയം കൃത്യമായി കണക്കാക്കുന്നത്. പൊതുവേ പറഞ്ഞാൽ രാവിലെ നാലുമണിയെന്നു കണക്കാക്കാം. ഓരോ കാലങ്ങളിലും ഈ സമയത്തിന് അൽപ്പം വ്യതിയാനം വരാം.

അതിരാവിലെയുള്ള സൂര്യകിരണങ്ങൾക്ക് അദ്ഭുതപൂർവ്വമായ അമൃത സാന്നിദ്ധ്യമുണ്ട്. ഇന്നത്തെ ഭാഷയിൽ വൈറ്റമിൻ D3 ശരീരത്തിന്റെ ത്വക്കിൽ ഉൽപ്പാദിപ്പിക്കുന്നതിനു പ്രഭാതകിരണങ്ങൾ വളരേയേറെ സഹായിക്കുന്നു. ഇന്നു ഏവരിലും കണ്ടു വരുന്ന രോഗമാണ് വൈറ്റമിൻ D3 യുടെ കുറവ്. ഇതിനെ ഇല്ലാതാക്കുവാൻ പ്രഭാതത്തിലുള്ള വെയിൽ കൊള്ളൽ കൊണ്ട് സാധിക്കും. വളരെ പ്രത്യക്ഷത്തിൽ കാണാവുന്ന ശരീരത്തിലെ വ്യതിയാനമാണിത്. എന്നാൽ പ്രഭാതത്തിൽ ഉണരുന്നവരുടെ മസ്തിഷ്ക്കവും സൂര്യനും തമ്മിൽ എന്തോ ചില വിനിമയം നടക്കുന്നുണ്ടെന്നും അതാണ് അറിവിന്റെ, ബ്രാഹ്മത്തിന്റെ മുഹൂർത്തമായി രാത്രിയിലെ അവസാന മുഹൂർത്തത്തെ കണക്കാക്കുന്നതെന്നും, അതിനാൽ അപ്പോൾ ഉണരുന്നത് നല്ലതാണെന്നും അനുമാനിയ്ക്കാം.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ആര്യോദ്ദേശ്യ രത്നമാല

## മഹർഷി ദയാനന്ദസരസ്വതി

*തർജ്ജമ: നചികേതസ്*

**97. ഉപവേദങ്ങൾ:-** ആയുർവേദം= വൈദ്യശാസ്ത്രം, ധനുർവേദം= ആയോധനകല-രാജധർമ്മം, ഗന്ധർവ്വവേദം= സംഗീതശാസ്ത്രം, അഥർവ്വവേദം=ശിൽപ്പശാസ്ത്രം ഈ നാലെണ്ണത്തിനെ ഉപവേദമെന്നു പറയുന്നു.

**98. വേദാംഗങ്ങൾ:-** ശിക്ഷ, കൽപ്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം എന്നിവ ആർഷസനാതനശാസ്ത്രങ്ങളാണ്. ഇവയെ വേദാംഗമെന്നു പറയുന്നു. ശിക്ഷ എന്നത് പാണിനി മുതലായവർ എഴുതിയ വർണ്ണോച്ചാരണ ശിക്ഷ തുടങ്ങിയവയാണ്. കൽപ്പഗ്രന്ഥമെന്നത് സൂത്രഗ്രന്ഥങ്ങളാണ്. ഇവ നാലുതരത്തിലുണ്ട്. ഗൃഹ്യസൂത്രം, ധർമ്മസൂത്രം, ശൂൽബസൂത്രം, ശ്രൗതസൂത്രം എന്നിങ്ങനെ. വ്യാകരണമന്നത് പാണിനിമുതലയാവരുടെ വ്യാകരണഗ്രന്ഥങ്ങളാണ്. നിരുക്തം വേദങ്ങളിലെ വ്യാകരണമാണെന്നു പറയാം. ഇതിൽ വേദാർത്ഥം പറയുന്ന വിധം പറയുന്നുണ്ട്. പിംഗളമുനിയാൽ രചിക്കപ്പെട്ടതാണ് ഛന്ദശാസ്ത്രം. അതേപോലെ ജ്യോതിഷശാസ്ത്രവും വേദാർത്ഥമറിയാൻ ഉപയോഗപ്രദമായതിനാൽ വേദാംഗമെന്നറിയപ്പെടുന്നു.

**99. ഉപാംഗം:-** ഋഷി-മുനിമാരാൽ നിർമ്മിക്കപ്പെട്ട മീമാംസ, വൈശേഷികം, ന്യായം, യോഗം, സാഖ്യം, വേദാന്തം എന്നീ ആറു ശാസ്ത്രങ്ങളെ ഉപാംഗങ്ങൾ എന്നു പറയുന്നു.

**100. നമസ്തേ:-** ഞാൻ താങ്കളെ മാനിക്കുന്നു. എന്നാണിതിനർത്ഥം. നമ+തേ അതായത് താങ്കൾക്കായി ഞാൻ വന്ദിക്കുന്നു, ആദരിക്കുന്നു, പ്രണമിക്കുന്നു എന്നർത്ഥം വരും

**വേദാരാമാങ്ഗചന്ദ്രേƒബ്ദേ വിക്രമാ കസ്യഭൂപതേഃ**

**നമസ്യേ സിതസതഭ്യാം സൗമ്യേ പൂർത്തി മഗാദിയമ്**

മഹാരാജാ വിക്രമാദിത്യന്റെ 1934-ാം സംവത്സരത്തിൽ ശ്രാവണമാസം ശുക്ലപക്ഷത്തിൽ സപ്തമിദിനം ബുധനാഴ്ച സ്വാമി ദയാനന്ദ സരസ്വതി ആര്യഭാഷയിൽ സർവ്വമാനവർക്കും ഹിതത്തിനായി ആര്യോദ്ദേശ്യരത്നമാല എന്ന പുസ്തകം പ്രകാശിപ്പിച്ചു.

**ഇതി ആര്യോദ്ദേശ്യരത്നമാലാ സമാപ്താ**

*(അവസാനിച്ചു)*

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**27** ചതുർയുഗങ്ങളിൽ 11,66,40,000 വർഷങ്ങൾ, സത്യയുഗത്തിൽ 17,28,000 വർഷങ്ങൾ, ത്രോതായുഗത്തിൽ 12,96,000 വർഷങ്ങൾ, ദ്വാപരയുഗത്തിൽ 8,64,000 വർഷങ്ങൾ.

ഇപ്പോൾ (2015-16) കലിയുഗത്തിലെ 5117-ാ മത് വർഷമാണ് (മൂലഗ്രന്ഥത്തിലിത് 5098 എന്നാണ് എഴുതിയിരിക്കുന്നത്. പുസ്തകമച്ചടിച്ച വർഷമായിരിക്കുമത്.

കലിയുഗത്തിൽ 4,32,000 വർഷങ്ങളാണുള്ളത് ഇപ്പോൾ സൃഷ്ടി സംവത്സരം 1,96,08,53,099 (മൂല പുസ്തകം അച്ചടിച്ച സമയത്തേതാണിത്. 2015-16 ൽ ഇത് 197294116 (ഓരോ മന്വന്തരത്തിനുമിടയിൽ സത്യയുഗത്തിന് സമാനമായ (17,28,000) സന്ധികാലമുണ്ട്. അതുകൂടി ചേർത്താൽ 1960853099+12096000=1972949116 എന്നു കിട്ടും. ഇതാണ് സൃഷ്ടിസംവത്സരം.- പരിഭാഷകൻ)

**ചോദ്യം 42:- ഒരു മനുഷ്യന്റെ ആയുസ്സ് എത്രയാണെന്ന് പറയാൻ സാധിക്കുമോ?**

**ഉത്തരം:-** മനുഷ്യന്റെയെന്നല്ല ഒരു ജീവിയുടേയും ആയുസ്സ് നിശ്ചിതമല്ല. മനുഷ്യന്റെ ആയുസ്സ് പ്രകൃതിനിയമങ്ങൾ അനുസരിച്ചാണെങ്കിൽ നൂറോ അതിൽ കൂടുതലോ ആകാം. അൽപായുസ്സിന്റെ കാരണവും സ്വയം മനുഷ്യൻ തന്നെയാണ്. ചിട്ടയായ ആഹാരത്തിലൂടേയും സത്യാചരണത്തിലൂടെയും ആയുസ്സ് ദീർഘമായേക്കാം. പ്രകൃതിനിയമമനുസരിച്ച് ഓരോ ജീവിയുടേയും ആയുസ്സ് നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് സർപ്പം 120 വർഷം, ആമ-150 വർഷം ഇതുപോലെ പ്രാവ്-8 വർഷം, നായ-14 വർഷം, കുതിര-50 വർഷം, മനുഷ്യനും ആനക്കും നൂറുവർഷം. എന്തെങ്കിലും ദുർഘടന കൊണ്ടോ മറ്റെന്തെങ്കിലും കാരണം കൊണ്ടോ ആയുസ്സ് കുറഞ്ഞുപോയേക്കാം. അതുകൊണ്ട് ആയുസ്സ് നിശ്ചിതമല്ല. കാലപരിസ്ഥിതികൾക്കും ആഹാരവിഹാരങ്ങൾക്കനുസരിച്ചും ആയുസ്സ് കൂടുകയോ കുറയുകയോ ചെയ്യാം. ദീർഘായുസ്സായിരിക്കണമെന്നാണ് എല്ലാവരുടേയും ആഗ്രഹം.

**മദേമ ശതഹിമാഃ സുവീരാഃ (ഋഗ്വേദം 6.4.8)**

അതായത് "ഈശ്വരാ, ഞങ്ങൾക്ക് പുത്രന്മാരോടുകൂടി നൂറുവർഷം ആനന്ദത്തോടെയിരിക്കാൻ ദീർഘായുസ്സ് തന്നാലും. വേദങ്ങളിൽ മനുഷ്യന് നൂറുവർഷമോ അതിലധികമോ ജീവിക്കാനാണ് പ്രേരണ നൽകുന്നത്. കാരണം മനുഷ്യന്റെ ആയുസ്സ് നിയമപ്രകാരം നൂറുവർഷമാണ്."

**ശതമിന്നു ശരദോ അന്തി ദേവാ : ( ഋഗ് വേദം 1.89.9)**

അതായത് മനുഷ്യന്റെ ആയുസ്സ് നിയമപ്രകാരം നൂറോ അതിലധികമോ ആണ്.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർ ദളം - ബാലപംക്തി** **ആര്യവീരഗാഥ - 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*



## ഡുമ്രാവിലെ ശാസ്ത്രാർത്ഥം

ഛാപ്രയിൽ നിന്നും ദാനാപൂർ വഴി സ്വാമിജി ഡുമ്രാവിലെത്തി. കൽക്കത്തയിലേക്ക് പോകുന്ന സമയത്തും ഡുമ്രാവിൽ വെച്ച് ഒരു സാധുവുമായി സ്വാമിജി സംസാരിച്ചിരുന്നു. അവിടെ വീണ്ടും എത്തിയപ്പോൾ അവിടത്തെ പ്രസിദ്ധ പണ്ഡിതനായ പണ്ഡിറ്റ് ദുർഗ്ഗാ പ്രസാദുമായി സ്വാമിജി ശാസ്ത്ര ചർച്ചകൾ നടത്തി. അവിടത്തെ ദിവാൻ ലാലാ ജയപ്രകാശ് സ്വാമിജിയുമായി വളരെ താത്പര്യം കാണിച്ചു. ഡുമ്രാവിലെ മഹാരാജാവും സ്വാമിജിയുമായി ചർച്ച നടത്താനായി നേരിട്ടു വന്നു.

### കാശിയിലെ സാർവ്വ ഭൗമ പാഠശാല

ഡുമ്രാവിൽ നിന്ന് സ്വാമിജി വീണ്ടും കാശിയിലെത്തി. കാശിയിൽ ഒരു പാഠശാല സ്ഥാപിക്കുവാൻ നളരെ കാലമായി സ്വാമിജി ആഗ്രഹിച്ചു വരികയായിരുന്നു. സ്വാമിജിയുടെ ആഗ്രഹം ഇത്തവണ സഫലമായി.വിക്രമ സംവംത്സരം 1929ൽ 'വൈദിക സാർവ്വ ഭൗമ പാഠശാല' എന്ന തന്റെ ചിരകാലാഭിലാഷമായ പാഠശാലയുടെ ആരംഭം കുറിച്ചു. എന്നാൽ ജനങ്ങളിൽ നിന്നു ഇതിന് വേണ്ടത്ര സഹകരണം ലഭിച്ചില്ല. പല സ്ഥലങ്ങളിലും സഞ്ചരിച്ച് സ്വാമിജിക്ക് ധനസമാഹരണം നടത്തേണ്ടി വന്നു. കാശിയിലെ പാഠശാലയുടെ വ്യവസ്ഥകൾ എല്ലാം ശരിയാക്കിയ ശേഷം കാൺപൂർ, ഫറൂഖാബാദ് എന്നിവിടങ്ങളിലൂടെ യാത്ര ചെയ്ത് സ്വാമിജി ഇലഹബാദിലെത്തി.

### സ്വാമിജി ഇലഹബാദിൽ

ഇലഹബാദിലെത്തിയ സ്വാമിജി പരസ്യങ്ങളിലൂടെ വിഭിന്ന ധർമ്മാവലംബികളായവരെ ശാസ്ത്രാർത്ഥത്തിനായി വിളിച്ചു. 'ഭ്യോർ കോളേജി'ലെ സംസ്കൃതാധ്യാപകനായ പണ്ഡിറ്റ് കാശിനാഥ് ശാസ്ത്രി, മഹാരാഷ്ട്രീയനായ ക്രിസ്തുമത പണ്ഡിതനായ നീലകാന്ത് ഗൗർ, നിജാമുദ്ദീൻ മൗലവി എന്നിവർ സ്വാമിജിയുമായി ചർച്ചകൾ നടത്തി. " താങ്കൾ എന്തിനാണ് ദേശം മുഴുവൻ ബഹളം വെച്ചു നടക്കുന്നത്" എന്ന് കാശിനാഥ് ശാസ്ത്രി സ്വാമിജിയോട് ചോദിച്ചു. അതിനുള്ള മറിപടിയായി സ്വാമിജി പറഞ്ഞു " ഞാൻ യഥാശക്തി നവോത്ഥാനത്തിനു വേണ്ടി ശ്രമിക്കുകയാണ്". എന്നാൽ ബഹളമുണ്ടാക്കിയത് എനിക്ക് മുമ്പ് ഉണ്ടായിരുന്ന ഈ ദേശത്തിലെ പണ്ഡിതൻമാരാണ്. കാശിനാഥ് ശാസ്ത്രിയുടെ വായ് അടഞ്ഞു പോയി. അതിനു ശേഷം നീലകാന്ത് ഗൗർ മാക്സ് മുള്ളറുടെ ഋഗ്വേദമെടുത്ത് മുന്നിലിരുന്നു. അവയിലെ സംശയമുള്ള ഭാഗങ്ങൾ അദ്ദേഹം സ്വാമിജിയുമായി ചർച്ച ചെയ്തു. അതെല്ലാം വളരെ ഭംഗിയായി സ്വാമിജി വിശദീകരിച്ചുകൊടുത്തു. തുടർന്നു ക്രിസ്തുമതത്തിലെ കുറവുകൾ സ്വാമിജി അദ്ദേഹത്തിനു വ്യക്തമാക്കി കൊടുത്തു. അടുത്തത് മൗലവി സാഹിബിന്റെ ഊഴമായിരുന്നു. മൗലവിക്ക് തന്റെ ധർമ്മത്തെക്കുറിച്ചുള്ള അറിവ് പരിമിതമായിരുന്നു.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*



# വേദാന്തി ധ്വാന്തി നിവാരണം

**മഹർഷി ദയാനന്ദസരസ്വതി**

*തർജ്ജമ: കെ.എം. രാജൻ*

(നവീന വേദാന്തികളുടെ അദ്വൈതവാദത്തെ ഖണ്ഡിക്കുന്നതിനായി 'അദ്വൈത മത ഖണ്ഡനം' എന്ന ഒരു ലഘു പുസ്തകം മഹർഷി ദയാനന്ദൻ രചിച്ചിരുന്നു. പണ്ഡിറ്റ് ലേഖ്റാം എഴുതിയ മഹർഷിയുടെ ജീവചരിത്രത്തിൽ ഇതിനെകുറിച്ച് പരാമർശിക്കുന്നുണ്ട്. എന്നാൽ ഈ ഗ്രന്ഥം ഇപ്പോൾ ലഭ്യമല്ല. സ്വാമിജിയുടെ ബോംബൈ നിവാസകാലത്ത് (1874) വേദാന്തി ധ്വാന്തി നിവാരണം എന്ന ഈ ഗ്രന്ഥം രചിക്കപ്പെട്ടു. അദ്വൈതവാദത്തെ ഖണ്ഡിക്കുന്ന ഈ പുസ്തകത്തെ തീവ്ര അദ്വൈതിയായിരുന്ന കൃഷ്ണാരാം ഇച്ഛാരാംജിയെകൊണ്ടാണ് സ്വാമിജി എഴുതിച്ചത് എന്നത് ആശ്ചര്യജനകമായ കാര്യംകൂടിയാണ്. അദ്വൈതികളുടെ സിദ്ധാന്തങ്ങളെ വേദപ്രമാണങ്ങളെകൊണ്ട് യുക്തിഭദ്രമായി ഖണ്ഡിക്കുന്ന ഈ ഗ്രന്ഥത്തിന്റെ മലയാള വിവർത്തനമാണിത്. അദ്വൈതവാദം ആഴത്തിൽ വേരോടിയ കേരളത്തിലെ വേദജിജ്ഞാസുകൾക്കിത് വിചാരമഥനത്തിന് ഉപകരിക്കുമെന്ന് വിശ്വസിക്കുന്നു.

**പത്രാധിപർ)**

നവീനന്മാരായ വേദാന്തികൾ കപോലകൽപിതമായ അർത്ഥം അനർത്ഥരൂപമാക്കി ജഗത്തിന്റെ ഹാനിമാത്രം ചെയ്യുന്നു. അങ്ങനെ മനുഷ്യരിൽ ഈർഷ്യയും അഹങ്കാരാദി ദോഷങ്ങളും ഉണ്ടാക്കി ദുഃഖസാഗരത്തിൽ മുക്കുന്നു. അൽപ്പജ്ഞാനികളായവർ മരണവെപ്രാളം പോലെ അധർമ്മം, അനൈശ്വര്യം, പരാധീനത തുടങ്ങിയ ദുഃഖസ്വരൂപമായ കാരാഗൃഹത്തിൽ സദാ അകപ്പെട്ട് കിടക്കുന്നു.

ഇവർ ഒരു വശത്ത് ജീവാത്മാവിനെ ബ്രഹ്മമായി അംഗീകരിക്കുമ്പോൾ മറ്റൊരിടത്ത് സ്വയം പാപം ചെയ്യുകയും തങ്ങൾ അകർത്താവും അഭോക്താവുമാണെന്ന് പറയുകയും ചെയ്യുന്നു. മൂന്നാമതായി ജഗത്തിനെ മിഥ്യയായി കണക്കാക്കുന്നു. നാലാമതായി മോക്ഷാവസ്ഥയിൽ ജീവാത്മാവിന്റെ ലയനം ഉണ്ടെന്ന് വിശ്വസിക്കുന്നു. അങ്ങനെ വാസ്തവത്തിൽ മോക്ഷവുമില്ലാ ബന്ധവുമില്ലാ എന്നിങ്ങനെ അനേകം മിഥ്യാവാദങ്ങൾ പറയുകയും ചെയ്യുന്നു. ഈ നാലുവിഷയങ്ങളുടെയും മിഥ്യാത്ത്വം ഉദാഹരണ സഹിതം സംക്ഷിപ്തമായി തുറന്നു കാട്ടാം.

(തുടരും)

**സത്യത്തെ ഗ്രഹിക്കുന്നതിനും അസത്യത്തെ ത്യജിക്കുന്നതിനും എല്ലായ്പ്പോഴും മനുഷ്യർ തികഞ്ഞ ശ്രദ്ധ പുലർത്തണം**

**മഹർഷി ദയാനന്ദ സരസ്വതി**

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

**പാഠം 3    അദ്ധ്യയനം– അദ്ധ്യാപനം**

**ചോദ്യം 16 :** ആയുസ്സ്, വിദ്യ, യശസ്സ്, ബലം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള ഉപായമെന്താണ്?

**ഉത്തരം :** മാതാപിതാക്കൾ, ഗുരു, വൃദ്ധജനങ്ങൾ എന്നിവരുടെ സേവനവും അവരുടെ ആജ്ഞകളെ അനുസരിക്കുകയും ചെയ്യുന്നതിലൂടെ ആയുസ്സ്, വിദ്യ, യശസ്സ്, ബലം എന്നിവ വർദ്ധിക്കും

**ചോദ്യം 17 :** വിദ്യാർത്ഥികൾ ചെയ്യാൻ പാടില്ലാത്തകാര്യങ്ങൾ ഏതെല്ലാമാണ്?

**ഉത്തരം :** വിദ്യാർത്ഥികൾ താഴെ പറയുന്ന കാര്യങ്ങൾ ഒരിക്കലും ചെയ്യരുത്. 1.ഈർഷ്യ, ദ്വേഷം, ലോഭം, മോഹം, കളവ് പറയുക എന്നിവ. 2. മുട്ടയും മാംസവും ഉപയോഗിക്കുക. 3. ആലസ്യം, പ്രമാദം, 4. മറ്റുള്ളവരെ ഉപദ്രവിക്കുക.

**ചോദ്യം 18 :** സമ്പൂർണ്ണസുഖം എങ്ങിനെ ലഭിക്കും?

**ഉത്തരം :** ഏതൊരുവ്യക്തി അറിവ് നേടി ധർമ്മമാചരിക്കുന്നുവോ അയാൾക്ക് സമ്പൂർണ്ണസുഖ പ്രാപ്തിയുണ്ടാവുന്നു.

**ചോദ്യം 19 :** ധർമ്മമെന്നാലെന്താണ് ?

**ഉത്തരം :** ശ്രേഷ്ഠകർമ്മങ്ങളുടെ ആചരണത്തെയാണ് ധർമ്മമെന്നു പറയുന്നത്.

**ചോദ്യം 20:** ധർമ്മത്തിന്റെ ജ്ഞാനം എവിടെനിന്ന് ലഭിക്കുന്നു ?

**ഉത്തരം :** വേദങ്ങൾ, ഋഷിമാരുടെ ഗ്രന്ഥങ്ങൾ, മഹാപുരുഷന്മാരുടെ ആചരണങ്ങൾ എന്നിവയിൽ നിന്ന് ധർമ്മത്തിന്റെ ജ്ഞാനം ലഭിക്കുന്നു.

**ചോദ്യം 21:** സത്യ–അസത്യങ്ങളുടെ പരീക്ഷ എപ്രകാരമാണ് ചെയ്യേണ്ടത് ?

**ഉത്തരം :** 1. വേദാനുകൂലമായത് 2. സൃഷ്ടി നിയമങ്ങൾക്ക് വിപരീതമല്ലാത്തത് 3.ധാർമ്മികരായ പണ്ഡിതന്മാർ ഉപദേശിക്കുന്നത് 4. ആത്മാവിന്നനുകൂലമായത്. 5. പ്രമാണങ്ങളാൽ കണ്ടെത്താവുന്നത്.

**ചോദ്യം 22:** പ്രമാണങ്ങൾ എത്ര പ്രകാരത്തിലുണ്ട് ?

**ഉത്തരം :** പ്രമാണങ്ങൾ എട്ട് പ്രകാരത്തിലുണ്ട്.

**ചോദ്യം 23:** ഏതെങ്കിലും നാല് പ്രമാണങ്ങൾ പറയുക.

**ഉത്തരം :** 1. പ്രത്യക്ഷം, 2. അനുമാനം, 3. ശബ്ദം, 4. ഉപമാന പ്രമാണം

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*